"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ലിനീഷ്.ടി. ബഹുഃട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 828/2025 -ന്മേലുള്ള 26.08.2025 തീയതിയായ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3675/2025/H&FWD തീയതി,തിരുവനന്തപുരം, 25-11-2025

---

പരാമർശം:-

1. ബഹുഃകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 828/2025 -ന്മേലുള്ള 26.08.2025 തീയതിയായ ഉത്തരവ്.
2. ഡോ.ലിനീഷ്.ടി. ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 28.08.2025 തീയതിയായ അപ്പീൽ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.09.2025-ലെ ഇ.ബി.4/14700/2025/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും 25.05.2025-ലെ നടപടിക്രമം പ്രകാരം കണ്ണൂർ പേരാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ലിനീഷ്.ടി. ബഹുഃട്രൈബ്യൂണൽ മുമ്പാകെ OA (EKM)-828/2025 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത സ്ഥലംമാറ്റം തടഞ്ഞുകൊണ്ട് 06.06.2025-ന് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും, ഡോ.ലിനീഷിനെ ആയതിന് മുൻപ് തന്നെ നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്ത് ടിയാൻ കണ്ണൂർ പേരാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പ്രവേശിച്ചിരുന്നു.

2) 26.08.2025-ന് ടി ഹർജി അന്തിമമായി പരിശോധിക്കുകയും, ഡോ.ലിനീഷ് സ്ഥലംമാറ്റത്തിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ, എന്നാൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ. (അച്ചടി) നം.3/201/ഉഭപവ തീയതി 25.02.2017 പ്രകാരം വകുപ്പുതല സ്ഥലംമാറ്റ നടപടിക്കെതിരെ സർക്കാരിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ് എന്നതിനാൽ, ഉത്തരവ് പുറപ്പെടുവിച്ച് 10 ദിവസത്തിനുള്ളിൽ ഡോ.ലിനീഷിനോട്

സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുന്നതിനും, അപ്പീൽ അപേക്ഷ ലഭ്യമാകുകയാണെങ്കിൽ അപേക്ഷകനെയും, ബന്ധപ്പെട്ട എതിർകക്ഷികളെയും നേരിൽ കേട്ടതിനുശേഷം അപ്പീൽ അപേക്ഷയിന്മേൽ രണ്ടു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ട്രൈബ്യൂണൽ പരാമർശം (1) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

3) പേരാവൂർ താലൂക്ക് ആശുപത്രി സൂപ്രണ്ട് മുഖാന്തിരം ഡോ.ലീനീഷ് പരമാർശം (2) അപേക്ഷ സമർപ്പിച്ചിരുന്നു. ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22-10-2025 ന് അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും സർക്കാർ അധികാരപ്പെടുത്തിയതനുസരിച്ച് ചുവടെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥ നേരിൽ കേട്ടിരുന്നു. അപേക്ഷകൻ അപ്പീൽ അപേക്ഷയിലും നേരിൽ കേട്ട വേളയിലും താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചിരുന്നു:

- കോഴിക്കോട് ടൗണിൽ ഈസ്റ്റ്ഹിൽ എന്ന സ്ഥലത്ത് സ്ഥിര താമസമാണ്. പൊതു സ്ഥലം മാറ്റം - 2025 അന്തിമ പട്ടിക പ്രകാരം പേരാവൂർ താലൂക്ക് ആശുപത്രി ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് വിഭാഗത്തിൽ സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ട്. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്ന കരട് പട്ടികയിൽ പേര് ഉൾപ്പെട്ടിരുന്നില്ല. നിലവിൽ നിയമനം ലഭിച്ച പേരാവൂർ താലൂക്ക് ആശുപത്രി ഓപ്ഷനിൽ ഇല്ലാത്ത സ്ഥലമാണ്. കഴിഞ്ഞ അഞ്ചരവർഷക്കാലം താമസസ്ഥലത്ത് നിന്നും 70 കിലോമീറ്റർ അകലേയുള്ള വളയം സാമൂഹിക ആരോഗ്യ കേന്ദ്രം (02/10/2019 മുതൽ 16/06/2023 വരെ), നാദാപുരം താലൂക്ക് ആശുപത്രി (17/06/2023 മുതൽ 15/6/2025 വരെ - 2 വർഷം) എന്നീ കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശത്താണ് ജോലി ചെയ്തത്. ഇപ്പോൾ സ്ഥലം മാറ്റം കിട്ടിയിട്ടുള്ളത് | താമസസ്ഥലത്ത് നിന്നും 104 കിലോമീറ്റർ അകലെയുള്ള കണ്ണൂർ ജില്ലയിലെ മലയോര പ്രദേശമായ പേരാവൂർ താലൂക്ക് ആശുപത്രിയിലാണ്.
- മുൻപ് ജോലി ചെയ്ത വളയം സാമൂഹിക ആരോഗ്യ കേന്ദ്രവും, നാദാപുരം താലൂക്ക് ആശുപത്രിയും 15 കിലോമീറ്ററിനകത്തായതുകൊണ്ട് അഞ്ചര വർഷം ഒരേ സ്റ്റേഷനിലാണ്, എന്ന മാനദണ്ഡ പ്രകാരമാണ് സ്ഥലംമാറ്റം നൽകിയത് എന്ന് അറിയാൻ കഴിഞ്ഞു. അഞ്ചര വർഷത്തെ സ്റ്റേഷൻ സീനിയോറിറ്റി നിലവിലുണ്ട്, അത് പരിഗണിച്ചതായി കാണുന്നില്ല. കൊടുത്ത ഓപ്ഷനുകളിൽ കോഴിക്കോട് ജനറൽ ആശുപത്രി, പേരാമ്പ്ര താലൂക്ക് ആശുപത്രി, പിണറായി സി.എച്ച്.സി. എന്നിവിടങ്ങളിലൊന്നും പരിഗണിച്ചതായി കാണുന്നില്ല. പിണറായി സി.എച്ച്.സി.യിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷൻ, ഡോ. മായ മുമ്പ് ജോലി ചെയ്തിരുന്നത് തലശ്ശേരി ജനറൽ

ആശുപത്രിയിലാണ്. തലശ്ശേരി ജനറൽ ആശുപത്രിയും, പിണറായി സി.എച്ച്.സി.യും 15 കിലോമീറ്ററിനകത്താണ്. ഡോ.മായ കഴിഞ്ഞ അഞ്ചു വർഷക്കാലം ജോലി നോക്കുന്നത് ഒരേ സ്റ്റേഷനിലാണ്. എന്നിട്ടും അത് ഒരേ സ്റ്റേഷനായി കണക്കാക്കി, താൻ കൊടുത്ത ഓപ്ഷനായ പിണറായി സി.എച്ച്.എസി.-യിൽ സ്ഥലം മാറ്റത്തിന് പരിഗണിച്ചില്ല. ഒരേ സ്റ്റേഷൻ എന്ന മാനദണ്ഡപ്രകാരം ഡോ.മായ 5 വർഷത്തോളം ഒരേ സ്റ്റേഷനിലായിട്ടും ജനറൽ ട്രാൻസ്ഫറിന് അപേക്ഷിച്ചിരുന്നില്ല.

- നിലവിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ പീഡിയാട്രീഷ്യനായ ഡോ.ധന്യ മുൻപ് ജോലി ചെയ്തിരുന്നത് പേരാമ്പ്ര താലൂക്ക് ആശുപത്രിയിലാണ്. ഈ രണ്ട് സ്റ്റേഷനുകളും 15 കിലോമീറ്ററിനകത്താണ്. ഒരേ സ്റ്റേഷൻ എന്ന മാനദണ്ഡ പ്രകാരം നാലു വർഷമായി ഒരേ സ്റ്റേഷനിലാണ് ഡോ. ധന്യ ജോലി ചെയ്യുന്നത്. ഡോ. ധന്യയെ കരട് ലിസ്റ്റിൽ സ്ഥലം മാറ്റിയിട്ടുണ്ടെങ്കിലും അന്തിമ പട്ടികയിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ തന്നെ നിലനിർത്തിയിരിക്കുകയാണ്. ഇവിടെയും 15 കിലോമീറ്ററിനകത്തുള്ള സ്റ്റേഷനുകൾ ഒരേ സ്റ്റേഷനാണെന്നുള്ള മാനദണ്ഡം പരിഗണിച്ചിട്ടില്ല. തനിക്ക് നിലവിൽ അഞ്ചര വർഷത്തെ സ്റ്റേഷൻ സീനിയോറിറ്റിയുണ്ട്.
- പിണറായി സി.എച്ച്.സി.യിലോ, പേരാമ്പ്ര താലൂക്ക് ആശുപത്രിയിലോ, സ്ഥലം മാറ്റത്തിന് പരിഗണിക്കണമെന്ന അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിരുന്നു അത് പരിഗണിച്ചിരുന്നില്ല. തന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4) മുൻപ് ജോലി ചെയ്തിരുന്ന കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്കുള്ള നിയമനം നിർബന്ധിത സ്ഥലംമാറ്റം ആയിരുന്നുവെന്നും തുടർന്ന് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അപ്പീൽ സമർപ്പിക്കുകയും ചെയ്തതിനെ തുടർന്നാണ് തന്റെ ഓപ്റ്റഡ് സ്റ്റേഷനായിരുന്ന പേരാമ്പ്ര താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റം ലഭിച്ചതെന്നും 2014-ന് ശേഷം ആദ്യമായാണ് ഓപ്റ്റഡ് സ്റ്റേഷനിൽ നിയമനം ലഭിക്കുന്നതെന്നും, നിലവിലെ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ചത് 03-12-2024 ന് ആണെന്നും സ്പെഷ്യാലിറ്റി കേഡറിൽ നിയമനം ലഭിച്ചതിന് ശേഷം താമസ സ്ഥലത്ത് നിന്നും വളരെ ദൂരെയുള്ള സ്ഥലങ്ങളിലാണ് ജോലി ചെയ്തിട്ടുള്ളതെന്നും, പന്ത്രണ്ടും പതിനേഴും വയസ്സ് പ്രായമുള്ള പെൺമക്കളും ഭർത്താവിന്റെ വൃദ്ധനായ പിതാവും ടിയാളുടെ സംരക്ഷണയിലാണെന്നും കോഴിക്കോട് താമസിക്കുന്ന ടിയാളുടെ വൃദ്ധരായ മാതാപിതാക്കൾക്കും ടിയാളുടെ സംരക്ഷണം ആവശ്യമാണെന്നും ആയതിനാൽ നിലവിലെ സ്റ്റേഷനായ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ

തുടരുന്നതിന് അനുവദിക്കണമെന്നും 7-ാം എതിർകക്ഷിയായ ഡോ.സിന്ധു.വി. ഹിയറിംഗ് വേളയിൽ പറഞ്ഞിരുന്നു.

5) 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ നാദാപുരം താലൂക്ക് ആശുപത്രിയിലേക്ക് ലഭിച്ച സ്ഥലംമാറ്റം തികച്ചും നിയമാനുസൃതമാണെന്നും, സ്വന്തം ജില്ല കോഴിക്കോട് ആണെന്നും, 19-05-2021 മുതൽ 06-06-2025 വരെ മലയോര ആദിവാസി മേഖലയായ പേരാവൂർ താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തിരുന്നുവെന്നും, 06-06-2025-ലാണ് നാദാപുരം താലൂക്ക് ആശുപത്രിയിൽ സേവനത്തിൽ പ്രവേശിച്ചതെന്നും, ടിയാൾ മിശ്ര വിവാഹിതയാണെന്നും, രണ്ട് കുട്ടികളും വൃദ്ധരായ മാതാപിതാക്കളും ടിയാളുടെ സംരക്ഷണയിലാണെന്നും, ആയതിനാൽ നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലനിർത്തണമെന്നും, 8-ാം എതിർകക്ഷിയായ ഡോ.ദീപ്തി ഹിയറിംഗ് വേളയിൽ പറഞ്ഞിരുന്നു.

6) കോഴിക്കോട് ഗോവിന്ദപുരം എന്ന സ്ഥലത്താണ് താമസമെന്നും, നിലവിലെ സ്റ്റേഷൻ പിണറായി സി.എച്ച്.സി.-യാണെന്നും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലെ ഓങ്കോളജിസ്റ്റ് ആയി സേവനമനുഷ്ഠിക്കുന്ന ഭർത്താവ് ജോലി സംബന്ധമായി ടി സ്ഥാപനത്തിനടുത്താണ് താമസമെന്നും, അതിനാൽ പതിനൊന്നും പന്ത്രണ്ടും വയസ്സ് പ്രായമുള്ള മക്കളും ഭർത്താവിന്റെ വൃദ്ധയായ മാതാവും ടിയാളുടെ സംരക്ഷണയിലാണെന്നും, ധാരാളം ആരോഗ്യ പ്രശ്നങ്ങളുള്ള ടിയാളുടെ മാതാപിതാക്കൾക്കും ടിയാളുടെ സംരക്ഷണം ആവശ്യമാണെന്നും, വളരെ ദൂരെയുള്ള ഒരു സ്റ്റേഷനിലേക്ക് നിയമനം ലഭിച്ചാൽ അത് പ്രയാസകരമാണെന്നും, കോഴിക്കോട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റമാണ് ആവശ്യമെന്നും 6-ാം എതിർകക്ഷിയായ ഡോ.മായയും ഹിയറിംഗ് വേളയിൽ അഭിപ്രായപ്പെട്ടിരുന്നു.

7) പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഡോ. ലിനീഷ് ടി, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), 17/6/2023 മുതൽ നാദാപുരം താലൂക്കാസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തുവരികയായിരുന്നു. അതിനു മുമ്പ്, ടിയാൻ 02/10/2019 മുതൽ കോഴിക്കോട് വലയം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആണ് സേവനമനുഷ്ഠിച്ചിരുന്നത്. ഡോ.ലിനീഷ്.ടി സേവനമനുഷ്ഠിച്ചിരുന്ന നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയും വലയം സാമൂഹികാരോഗ്യ കേന്ദ്രവും 15 കിലോമിറ്റർ ചുറ്റളവിൽ ഉള്ള സ്റ്റേഷനുകൾ ആയതിനാൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഒരേ സ്റ്റേഷനായി കണക്കാക്കേണ്ടി വരും. 19/5/2021 മുതൽ പേരാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന

ഡോ.ദീപ്തി.എസ്.-നെ അന്തിമ പട്ടികയിൽ നാദാപുരം താലൂക്കാസ്ഥാന ആശുപത്രിയിൽ പരിഗണിക്കേണ്ടി വന്നതിനാൽ ആണ് ഡോ.ലിനീഷ്.ടി.-യെ ഒഴിവ് നിലവിൽ ഉണ്ടായിരുന്ന പേരാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ സ്ഥലം മാറ്റി നിയമിച്ചത്. താലൂക്ക് ആശുപത്രി പേരാമ്പ്രയിലെ ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് ആയ ഡോ.സിന്ധു.വി. 2024 ലെ പൊതു സ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റം ഓപ്റ്റ് ചെയ്ത സ്ഥാപനത്തിൽ നിയമനം ലഭിക്കാത്തതിനെ തുടർന്ന് ബഹു:ട്രിബ്യൂണൽ മുമ്പാകെ OA(EKM) 1046/24 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 26/11/2024 തീയതിയിലെ സ.ഉ (സാധാ) 2855/2024/H&FWD ഉത്തരവ് പ്രകാരം ഡോ.സിന്ധുവിന് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നിന്നും പേരാമ്പ്ര താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്തിരുന്നു. ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് തസ്തികയിലെ 2024 ലെ പൊതു സ്ഥലംമാറ്റത്തിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ ജോലി ചെയ്യുന്ന ഡോ.ധന്യയ്ക്ക് പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിന്നും കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്നു. ഈ രണ്ട് സ്റ്റേഷനുകളും 15 കി.മീ ചുറ്റളവിനകത്താണ്. 2025 പൊതുസ്ഥലംമാറ്റത്തിലെ കരട് ലിസ്റ്റിൽ ടിയാളെ പാപ്പിനിശ്ശേരി സി.എച്ച്.സി.-യിലേക്ക് ഉൾപ്പെടുത്തിയിരുന്നു. 2024-ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.സിന്ധു.വി., ഡോ.സുചരിത.എം.എൻ., എന്നിവർ ബഹു:ട്രിബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തത് കാരണം ഡോ.ധന്യ നാരായണന് കുറ്റ്യാടി താലൂക്കാശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ല. 14/12/2024 നാണ് ടിയാൾ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചത്. ആയതിനാൽ 2025 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകുവാൻ സാധിച്ചില്ല എന്നും അപ്പീൽ സമർപ്പിച്ചിരുന്നു. ആയതിനാൽ ഡോ.ധന്യ നാരായണനെ കുറ്റ്യാടി താലൂക്കാശുപത്രിയിൽ നിലനിർത്തിയിരുന്നു.

ആരോഗ്യവകുപ്പിൽ മുൻകാലങ്ങളിൽ നിരവധി മെഡിക്കൽ ഓഫീസർമാർ 15 കിലോ മീറ്റർ ചുറ്റളവിൽ അവരുടെ അപേക്ഷ പ്രകാരം, സേവനമനുഷ്ഠിച്ച് വരുന്നു. അപ്രകാരം സേവനമനുഷ്ഠിച്ച് വരുന്ന ഡോക്ടർമാർ പൊതുസ്ഥലാമാറ്റത്തിൽ അവർ മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സ്റ്റേഷൻ സീനിയോറിറ്റി പ്രകാരം സ്ഥലമാറ്റം ആവശ്യപ്പെടുകയാണെങ്കിൽ ആയത് യോഗ്യരായിട്ടുള്ള മറ്റ് ഡോക്ടർമാരുടെ അവസരങ്ങൾ നഷ്ടപ്പെടുത്തും. 15 കിമീ ചുറ്റളവിൽ ജോലി ചെയ്യുന്ന പ്രസ്തുത ജീവനക്കാരുടെ മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ച സ്ഥാപനത്തിലെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കേണ്ടി വന്നാൽ ആയത് ആരോഗ്യവകുപ്പിന്റെ പൊതുസ്ഥലമാറ്റത്തെ പ്രതികൂലമായി ബാധിച്ചേക്കുമെന്നതിനാലും നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായിട്ടില്ലാത്തതിനാലുമാണ് ഡോ.ലിനീഷ്.ടി. 2025 പൊതുസ്ഥലം

മാറ്റത്തിൽ സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കാതിരുന്നത്.

8) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ഡോ.ലിനീഷ്.ടി., ജൂനിയർ കൺസൾട്ടൻറ് (പീഡിയാട്രിക്സ്), 17/6/2023 മുതൽ നാദാപുരം താലൂക്കാസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തുവരികയായിരുന്നു. അതിനു മുമ്പ്, ടിയാൻ 02/10/2019 മുതൽ കോഴിക്കോട് വലയം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആണ് സേവനമനുഷ്ഠിച്ചിരുന്നത്. ഡോ.ലിനീഷ്.ടി. സേവനമനുഷ്ഠിച്ചിരുന്ന നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയും വലയം സാമൂഹികാരോഗ്യ കേന്ദ്രവും സാമൂഹികാരോഗ്യകേന്ദ്രവും 15 കിലോമീറ്റർ ചുറ്റളവിൽ ഉള്ള സ്റ്റേഷനുകൾ ആയതിനാൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഒരേ സ്റ്റേഷനായി കണക്കാക്കേണ്ടി വരും. 19/5/2021 മുതൽ പേരാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.ദീപ്തി.എസ്.- നെ അന്തിമ പട്ടികയിൽ നാദാപുരം താലൂക്കാസ്ഥാന ആശുപത്രിയിൽ പരിഗണിക്കേണ്ടി വന്നതിനാലാണ് ഡോ.ലിനീഷ്.ടി.-യെ ഒഴിവ് നിലവിൽ ഉണ്ടായിരുന്ന പേരാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ സ്ഥലം മാറ്റി നിയമിച്ചത്. 15 കിമീ ചുറ്റളവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ച സ്ഥാപനത്തിലെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിക്കേണ്ടി വന്നാൽ ആയത് ആരോഗ്യവകുപ്പിന്റെ പൊതുസ്ഥലമാറ്റത്തെ പ്രതികൂലമായി ബാധിക്കും. കൂടാതെ ഡോ. ലിനീഷ് .ടി നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ല. ഈ വസ്തുതകൾ കണക്കിലെടുത്ത്, ഡോ.ലിനീഷ്.ടി.-യുടെ പരാമർശം (2) അപ്പീലിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് ബഹു.ട്രിബ്യൂണലിന്റെ OA (EKM) 828/25 മേലുള്ള 26-08-2025 ലെ ഉത്തരവ് അനുവർത്തനം ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
ഡോ.ലിനീഷ്.റ്റി., ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), താലൂക്ക് ആസ്ഥാന ആശുപത്രി, നാദാപുരം, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/499/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 25-11-2025 15:23:04

**Endt.Lr.No.DHS/14700/2025-EB4 Dated: #ApprovedDate#**

Copy of the Govt.Order communicated to the incumbent,Head of the Institutions and Concerned District Medical Officer of Health for information and necessary action.

Signed by
Reena K J
Date: 27-11-2025 16:43:45

**Director Of Health Services**